(2) മലയോര വികസനത്തിന് പ്രത്യേക പദ്ധതികൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത

<u>ശ്രീ. ഇ. എം. അഗസ്തി</u> : സർ, കേരളത്തിന്റെ വികസന മേഖലയിൽ ഒറ്റപ്പെട്ടു കിടക്കുന്ന ഇടുക്കി ഉൾപ്പെടെയുള്ള മലയോര പ്രദേശങ്ങളുടെ വികസനത്തിനുവേണ്ടി പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിക്കണമെന്ന ആവശ്യമാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നത്. കേരളത്തിന്റെ വികസനത്തെപ്പറ്റിയും പൊതുവായ വളർച്ചയേപ്പറ്റിയും രാജ്യത്തിന് അകത്തും പുറത്തും അഭിമാനിക്കാൻ കഴിയുമെങ്കിലും വികസന ഘടനയിൽ മലയോര പ്രദേശങ്ങളും, തീരപ്രദേശങ്ങളും പൂർണ്ണമായും ഒഴിവാക്കപ്പെട്ടിരിക്കുകയാണ്. കേരളത്തിന്റെ വികസനത്തിന് ഒറ്റപ്പെട്ടു കിടക്കുന്ന മലയോര പ്രദേശങ്ങൾക്കും തീരദേശ പ്രദേശങ്ങൾക്കും പ്രത്യേകമായ പരിഗണന നൽകണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് മലയോര വികസന ഏജൻസിയും തീരദേശ വികസന ഏജൻസിയും ഉണ്ടാക്കുന്നതെന്ന് ഐക്യ ജനാധിപത്യ മുന്നണിയും ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റും പറഞ്ഞിരുന്നത്. പക്ഷേ ഈ രണ്ട് ലക്ഷ്യങ്ങളും പ്രായോഗികമായിട്ടില്ല. കേരളത്തിന്റെ സമ്പദ്ഘടനയിൽ മുഖ്യ പങ്ക് വഹിക്കുന്നത് മലയോര പ്രദേശങ്ങളാണ്. സംസ്ഥാനത്തിന്റെ സമ്പദ്ഘടന നിലനിൽക്കുന്നത് ഊർജ്ജോത്പാദനത്തിലാണ്. ഏറ്റവും ചെലവു കുറഞ്ഞ ഊർജ്ജം ഉത്പാദിപ്പിക്കാൻ കഴിയുന്നത് ഇടുക്കി ജല വൈദ്യുത പദ്ധതിയിൽനിന്നാണ്. ഇടുക്കി ജല വൈദ്യുത പദ്ധതിയുടെ വൃഷ്ടി പ്രദേശത്ത് ഒരു വർഷം മഴ പെയ്യാതിരുന്നാൽ കേരളത്തിന്റെ സമ്പദ്ഘടന താറുമാറാകുകയാണ്. 1500 കോടി രൂപയുടെ പവർ പർച്ചേസ് നടത്തേണ്ടിവരും. ചുരുക്കത്തിൽ കേരളത്തിലെ സമ്പദ്ഘടനയുടെ മുഖ്യ പങ്ക് വഹിക്കുന്ന മലയോര പ്രദേശങ്ങളുടെ വികസനത്തിന്റെ കാര്യം ആരും പരിഗണിക്കാത്ത സ്ഥിതിയാണ്. ഏത് ഗവൺമെന്റ് വന്നാലും മലയോര വാസികളെ ആരും ശ്രദ്ധിക്കുന്നില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. ഒരു ഭരണ കക്ഷി അംഗം എന്ന നിലയിൽ അവഗണനയുടെ പൂർണ്ണ ചിത്രം ഈ സഭയിൽ വരച്ചു കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല, കാരണം അതിന് മറ്റൊരു മുഖം ഉണ്ടാകരുത് എന്ന് കരുതിയാണ്. പക്ഷേ യാഥാർത്ഥ്യം യാഥാർത്ഥ്യമായിത്തന്നെ നിൽക്കുകയാണ്. സാധാരണ കൃഷിക്കാരും തോട്ടം തൊഴിലാളികളും ക്ഷീര കർഷകരുമൊക്കെ അധിവസിക്കുന്ന ജില്ലയിലെ മലയോര പ്രദേശത്തെ ജനങ്ങളുടെ ശബ്ദം വികസനത്തിനുവേണ്ടിയുള്ള അവരുടെ മുറവിളി ആരും ശ്രദ്ധിക്കാതെ പോകുന്നത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കും എന്ന് ഒറ്റ വാക്കാൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുപോലെ തന്നെ കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് സംഭാവന നൽകുന്ന പീരുമേട്ടിലെയും മൂന്നാറിലെയും തോട്ട വ്യവസായം ഇന്ന് പ്രതിസന്ധിയിലാണ്. അത് പരിഹരിക്കുന്നതിന് ഗവൺമെന്റ് ഒരു ശ്രമവും നടത്തിയിട്ടില്ല എന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഫലപ്രദമായ നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ദുഃഖപൂർവ്വം അറിയിക്കുന്നു. അത് മുഖ്യമന്ത്രിക്ക് അറിയാമെങ്കിലും ഞാൻ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഏതാണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അൻപതിനായിരത്തോളം തൊഴിലാളികൾ നാലുവർഷമായി അർദ്ധപ്പട്ടിണിയിലാണ്. മരണം ഒഴിവാക്കാൻ സൗജന്യ റേഷൻ കൊടുക്കുന്നതൊഴിച്ചാൽ അവർക്കൊരു സാമൂഹ്യനീതി ലഭ്യമാകുന്നില്ല എന്ന് മനസ്സിലാക്കണം. അതുപോലെ കേരളത്തിലെ ജനങ്ങൾക്ക് ലഭ്യമാകുന്ന പ്രാഥമിക സൗകര്യങ്ങൾ ഇടുക്കിയിലെ ജനങ്ങൾക്ക് ലഭിക്കുന്നത് നാമമാത്രമാണ്. എല്ലാ ജലസ്രോതസ്സുകളും ഇടുക്കി ഡാമിലേക്ക് തിരിച്ചുവിടുന്നതിനാൽ വേനൽക്കാലം ആരംഭിച്ചാൽ എല്ലായിടത്തും വരൾച്ചയാണ്, എങ്ങും വെള്ളമില്ല. കുടിവെള്ളം ലഭിക്കാനില്ലാത്ത ഗുരുതരമായ സ്ഥിതിവിശേഷം നിലനിൽക്കുന്നു. പദ്ധതികൾ പ്രഖ്യാപിക്കുന്നുണ്ടെങ്കിലും പലപ്പോഴും പ്രായോഗികമാകുന്നില്ല. മലയോര പ്രദേശത്ത് എസ്റ്റിമേറ്റ് തുകയിൽ കൂടുതൽ വരുമെന്നുള്ളതുകൊണ്ട് പ്രഖ്യാപിക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ പറ്റാതെ ഇടവഴിയിലുപേക്ഷിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. ഇതൊക്കെയാണെങ്കിലും വികസനത്തിന് അനന്തമായ സാധ്യതകൾ ഈ പ്രദേശങ്ങൾക്കുണ്ട്. കേരളത്തിന്റെ അഭിമാനമായ തേക്കടി വന്യമൃഗസങ്കേതം ഇടുക്കിയിലാണ്. ഇൻഡ്യയിലെയും ലോകത്തെമ്പാടുമുള്ള ടൂറിസ്റ്റുകളെ ആകർഷിച്ചുകൊണ്ടിരിക്കുന്ന മൂന്നാർ, കേരളത്തിന്റെ ടൂറിസം പ്രതീക്ഷയായ വാഗമൺ എന്നിവയൊക്കെ ഇവിടെയാണെങ്കിലും ആ പ്രദേശത്തേക്കുള്ള ടൂറിസം വികസനത്തിനോ അവിടേയ്ക്ക് ടൂറിസ്റ്റുകൾക്ക് എത്തിച്ചേരാൻ റോഡുകളോ ഉണ്ടാക്കാനുള്ള നടപടികൾ ഇതുവരെ ആരംഭിച്ചിട്ടില്ല. പലപ്പോഴും ഒറ്റപ്പെട്ട പ്രഖ്യാപനമല്ലാതെ മറ്റൊന്നുമുണ്ടാകുന്നില്ല. കേരള വികസനത്തിന് വലിയ സംഭാവന നൽകുന്ന ഗവൺമെന്റ് ഇടുക്കിയെ വീണ്ടും അവഗണിക്കുന്ന സ്ഥിതിവിശേഷമുണ്ടാകുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവിടെ ഇല്ല എന്നുള്ളതാണ് സത്യം. കഴിഞ്ഞ ഇരുപത്തിയഞ്ചുവർഷത്തിനുള്ളിൽ ഇടുക്കിയിൽ പുതിയ സ്കൂളുകൾ ആരംഭിച്ചിട്ടില്ല. സ്കൂളുകളെ കുറിച്ച് പറയുമ്പോൾ ഗവൺമെന്റ് പൊതുവായ സാമ്പത്തിക സ്ഥിതിയെപ്പറ്റിയാണ് പറയുന്നത്. ഇരുപത്തിയഞ്ചു വർഷമായി പുതിയ സ്കൂളുകൾ കിട്ടാത്ത കുടിയേറ്റപ്രദേശത്തെ ആളുകൾക്ക് സ്കൂൾ വേണം എന്ന ആവശ്യം പരിഗണിച്ച് എയ്ഡഡ് സ്കൂളുകൾക്ക് അനുമതി നൽകിയ സാഹചര്യത്തിൽ അംഗീകൃത സ്കൂളുകളും recognised സ്കൂളുകളും അനുവദിച്ചപ്പോഴും ഇടുക്കി ന്യായം പ്രതീക്ഷിച്ചു. പക്ഷേ ന്യായം ലഭിച്ചില്ല. വികസിത പ്രദേശങ്ങളിലും നഗരങ്ങളിലും പട്ടണങ്ങളിലും പുതിയ സ്കൂളുകൾ അനുവദിച്ചതല്ലാതെ ഇടുക്കിയുടെ രോദനം ആരും കേട്ടില്ല. ഈ രോദനം കേൾക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഞാൻ ആദ്യം പറഞ്ഞ കാര്യത്തിൽ ഗവൺമെന്റ് വ്യക്തമായ നയം സ്വീകരിക്കണം. അതുപോലെ തന്നെ പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുമെന്ന് ഉറപ്പുവരുത്താൻ പ്ളാനിംഗ് ബോർഡിന്റെ നയരൂപീകരണത്തിൽ പ്രത്യേക വെയ്റ്റേജ് മലയോരപ്രദേശങ്ങൾക്ക് ലഭ്യമാക്കണം. 1972-ൽ ഇടുക്കി ജില്ല രൂപീകരിക്കുമ്പോൾ ജനങ്ങൾക്ക് വലിയ പ്രതീക്ഷയുണ്ടായിരുന്നു. മലയോര പ്രദേശത്തെ വികസനത്തിന് ഒരു പുതിയ സന്ദർഭമുണ്ടാകുമെന്ന് എല്ലാവരും പ്രതീക്ഷിച്ചു. ഇടുക്കി ജില്ല എന്ന പേരുതന്നെ ഏറ്റവും അവസാനമാണുണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly

മലനാട് ജില്ല എന്നായിരുന്നു ആളുകളുടെ സ്വപ്നം. അങ്ങനെയാണ് ഫയലുകൾ തുടങ്ങിയത്. മലയോരപ്രദശങ്ങൾക്കു വേണ്ടിയൊരു ജില്ല. വയനാട്ടിലെ മലയോര പ്രദേശങ്ങൾ ചേർത്ത് വയനാട് ജില്ല ഉണ്ടായതുപോലെ മലയോരങ്ങൾക്കുവേണ്ടി ഒരു ജില്ലയെന്നാണ് ജനങ്ങൾ വിചാരിച്ചതും പ്രതീക്ഷിച്ചതും. ഗവൺമെന്റ് ഫയലുകൾ എല്ലാം അങ്ങനെയാണ്. ഇടുക്കിയുടെ ചരിത്രത്തിൽ മറ്റൊരുചിത്രം വരച്ചുകാണിക്കാൻ ഞാൻ തുനിയുന്നില്ല. ഇടുക്കിയുടെ വികസനം മലയോരത്ത് എത്തുന്നില്ല മറ്റുപ്രദേശങ്ങളിലേയ്ക്ക് ഒഴുകിപ്പോകുന്നു എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് തിരുത്താൻ നടപടി സ്വീകരിക്കണം. അതിന് പ്രത്യേക നയം രൂപീകരിക്കണം. ഇടുക്കിപോലുള്ള മലയോരപ്രദേശത്ത് പ്രത്യേക വെയ്റ്റേജ് ഉണ്ടാക്കണമെന്ന നിർദ്ദേശം പ്ളാനിംഗ് ബോർഡിന് നൽകുകയും അതനുസരിച്ച് പദ്ധതികൾ രൂപപ്പെടുത്തുകയും ചെയ്യണം. ഇടുക്കിയിലെ കാർഷിക മേഖല ആകെ തകർച്ചയിലാണ്. ഏലത്തിനും കാപ്പിക്കും കുരുമുളകിനും വിലയില്ല. വയനാടിന് ഉണ്ടാക്കിയപോലെ ഇടുക്കിക്കും ഒരു പ്രത്യേക കാർഷിക പാക്കേജ് പ്രഖ്യാപിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച മലയോരപ്രദേശത്തെ വികസനത്തിന്റെ അവസ്ഥ മനസ്സിലായി. അതിന് പരമാവധി പരിഗണന നൽകിക്കൊണ്ട് കാര്യങ്ങൾ നടത്തണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ ദീർഘനാളായി ഉന്നയിച്ചുകൊണ്ടിരുന്ന മലയോര വികസന ഏജൻസി തത്വത്തിൽ അംഗീകരിച്ച് രൂപം കൊടുക്കുന്ന അവസാന ഘട്ടത്തിലാണ്. ഏതാനും ആഴ്ചകൾക്കകം ഏജൻസി നിലവിൽ വരും. പ്രവർത്തനം കഴിയുന്നത്ര കാര്യക്ഷമതയോടെ മുന്നോട്ടുകൊണ്ടുപോകുന്നതിന് നടപടി സ്വീകരിക്കും. ഏറ്റവും പ്രധാനപ്പെട്ടത് ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക എന്നതാണ്. കാസർഗോഡ് ജില്ലയിലെ നന്നാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ കടുക്കറ വരെ നീളുന്ന മലയോര ഹൈവേ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യത്തെ റീച്ചിന്റെ പണി ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. മലയോര ഹൈവേ എന്ന ചിരകാലാഭിലാഷത്തിന് ആരംഭം കുറിച്ചുകഴിഞ്ഞിരിക്കുകയാണ്. മലയോര പ്രദേശങ്ങളിലെ വ്യവസായവത്ക്കരണം ത്വരിതപ്പെടുത്തുന്നതിന് ഇടുക്കി, വയനാട് ജില്ലകളെ വ്യാവസായിക പിന്നോക്ക ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. അവിടങ്ങളിൽ ആരംഭിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് 25 ശതമാനം നിക്ഷേപക സബ്സിഡി ലഭിക്കും. മുൻഗണന അർഹിക്കുന്ന മേഖലകൾക്ക് പരമാവധി 25 ലക്ഷം രൂപവരെ സബ്സിഡി കൊടുക്കുന്നതാണ്. വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഏരിയകളെ ഉദ്ധരിക്കുന്നതിനും മുന്നോട്ടുകൊണ്ടുവരുന്നതിനുമുള്ള നടപടിയാണിത്. അതുപോലെ മലമ്പ്രദേശത്തെ വ്യാവസായിക വികസനത്തിന് പ്രത്യേക പദ്ധതികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അട്ടപ്പാടിയിൽ ജാപ്പനീസ് സഹായത്തോടെ പരിസ്ഥിതി സംരക്ഷണത്തിന് 219 കോടി രൂപയുടെ ബൃഹത്തായ പദ്ധതി നടപ്പാക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. 'രാഷ്ട്രീയ സംവികാസ് യോജന' എന്ന പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് കേരളത്തിൽ നിന്ന് തിരഞ്ഞെടുത്ത രണ്ടു ജില്ലകളിൽ ഒരു ജില്ലയാണ് വയനാട്. മൂന്നാമത് ഒരു ജില്ലകൂടി കിട്ടുന്നതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കിട്ടുകയാണെങ്കിൽ നിശ്ചയമായും ഇടുക്കിയുടെ കാര്യം പരിഗണിക്കും. അതുപോലെ മലയോര പ്രദേശങ്ങളിലെ ഗിരിവർഗ്ഗക്കാരുടെ ഉദ്ധാരണത്തിനുവേണ്ടി വ്യക്തമായ പരിപാടികൾ തയ്യാറാക്കിവരുന്നു. അങ്കമാലി-ശബരിമലയും നിലമ്പൂർ മുതൽ കർണ്ണാടകയിലെ നഞ്ചഗൗഡ് വരെ നീളുന്ന റയിൽവെ പദ്ധതിക്കുവേണ്ടി സംസ്ഥാന ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ കുടിവെള്ളത്തിന്റെ പ്രശ്നവും സ്കൂളിന്റെ പ്രശ്നവും ഉന്നയിച്ചു. കുറെ നാളുകളായി എയ്ഡഡ് സ്കൂളുകൾ അനുവദിക്കാതിരുന്ന ഒരു പ്രത്യേക സ്ഥിതിവിശേഷം ഇവിടെ ഉണ്ടായിരുന്നു. അതുകൊണ്ട് എയ്ഡഡ് സ്കൂളുകൾ അനുവദിക്കാൻ സാധിച്ചിട്ടില്ല. അൺ എയ്ഡഡ് സ്കൂളുകൾ കൊടുക്കുന്ന അവസരത്തിൽ ഈ രംഗത്ത് തയ്യാറെടുപ്പോടുകൂടി വരുന്ന ഏജൻസികൾക്ക് മുൻഗണന കൊടുക്കും. കഴിഞ്ഞവർഷം ഗവൺമെന്റ് മേഖലയിൽ പ്ലസ് ടു കൊടുത്ത അവസരത്തിൽ ഈ മേഖലകൾക്ക് പ്രത്യേക പ്രാധാന്യം കൊടുത്തിരുന്നു. കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുള്ള പദ്ധതികൾക്ക് പരമാവധി പ്രാധാന്യം കൊടുക്കുന്നതാണ്. ഇടുക്കിയിലെ ഏറ്റവും മുഖ്യമായ പ്രശ്നം തോട്ടം വ്യവസായ മേഖലയാണ്. കാർഷിക മേഖല നേരിടുന്ന പ്രശ്നം വളരെ വല്ലതാണ്. രൂക്ഷമായ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന മലയോരപ്രദേശത്തെ പ്രത്യേകിച്ച് തേയിലത്തോട്ടങ്ങളുള്ള മേഖലയിൽ മറ്റു ജോലിക്കുള്ള സാധ്യതയില്ലാത്തതുകൊണ്ട് തോട്ടങ്ങൾ പൂട്ടിക്കിടക്കുന്നത് വളരെയധികം ബുദ്ധിമുട്ടുകളുണ്ടാക്കുന്നുണ്ട്. പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ തുറപ്പിക്കുന്നതിനും തൊഴിലാളികൾക്ക് വേണ്ടത്ര വേതനവും അവകാശവും കിട്ടുന്നില്ല എന്നുള്ള പരാതി പരിഹരിക്കുന്നതിനും ശ്രമങ്ങൾ നടത്തുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾക്ക് പ്രത്യേക പരിഗണനയും അതിന് പരിഹാരം കണ്ടെത്തുന്നതിനുള്ള സജീവമായ നടപടികളും സ്വീകരിക്കും. ഇതിന് എവിടെയെങ്കിലും കുറവുകൾ ഉണ്ടെന്ന് ചൂണ്ടിക്കാണിച്ചാൽ അത് പരിഹരിക്കാൻ ശ്രമിക്കും എന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

ശ്രീ. ഇ. എം. അഗസ്തി: സർ, ബഹമാനപ്പെട്ട മുഖ്യമന്ത്രി എന്റെ ശ്രദ്ധക്ഷണിക്കലിന് പറഞ്ഞ മറുപടിയാണ് എന്നെ കൂടുതൽ നിരാശനാക്കുന്നത്. ഞാൻ ഇടുക്കിയിലെ പ്രശ്നങ്ങൾ പറഞ്ഞപ്പോൾ അദ്ദേഹം മറുപടി പറഞ്ഞത് വയനാട്ടിലെ കാര്യമാണ്. അത് അദ്ദേഹം ബോധപൂർവ്വം പറഞ്ഞുന്നെന്ന്
10.00 A. M] ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ട് ഇടുക്കിയിലെ പ്രശ്നങ്ങൾക്ക് അങ്ങയുടെ ശ്രദ്ധ വേണമെന്ന് ഞാൻ പൊതുവായി അഭ്യർത്ഥിച്ചുകൊണ്ട് ഇടുക്കിയിലെ കാർഷിക മേഖലയ്ക്ക് പ്രത്യേകമായ പാക്കേജ് അനുവദിക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നതിന് അങ്ങ് ഇടുക്കിയിലും മറ്റു പ്രദേശങ്ങളിലുമുള്ള

LIBRARY ARCHIVES Kerala Legislative Assembly

എം.എൽ.എ.-മാരുടെ ഒരു യോഗം വിളിച്ചുകൂട്ടുമോ? അതുപോലെ കേരളത്തിന്റെ വികസനത്തിൽ മുഖ്യപങ്കു വഹിക്കുന്ന മൂന്നാറിനേയും തേക്കടിയേയും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡിനെ സംബന്ധിച്ച് പലപ്പോഴും പല പ്രഖ്യാപനങ്ങളുണ്ടായിട്ടുണ്ടെങ്കിലും ശോചനീയാവസ്ഥയിലാണ്. കുമിളി-മൂന്നാർ റോഡിന്റെ എൻ.എച്ച്. കഴിഞ്ഞുള്ള പൂപ്പാറ മുതൽ കുമിളി വരെയുള്ള ഭാഗത്തെ കേരള വികസന പദ്ധതിയിൽപ്പെടുത്തി നവീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; അതിനെ സംബന്ധിച്ച് ഒരു യോഗം വിളിക്കുമോ എന്നുള്ളത് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ബഹുമാനപ്പെട്ട മെമ്പർ നൽകിയ നോട്ടീസ് വികസന പ്രവർത്തനങ്ങളിൽ ഒറ്റപ്പെട്ടുപോയ ഇടുക്കി ഉൾപ്പെടെയുള്ള മലയോര പ്രദേശങ്ങളുടെ വികസനത്തിനായി പ്രത്യേക പദ്ധതികൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത എന്നാണ്. ഇടുക്കി ഉൾപ്പെടെയുള്ള മലയോര വികസന പ്രദേശങ്ങൾ എന്നുപറഞ്ഞതുകൊണ്ടാണ് ഞാൻ അങ്ങനെ പൊതുവായി കാര്യങ്ങൾ പറഞ്ഞത്. ഇടുക്കിയുടെ കാര്യവും പ്രത്യേകമായ പരിഗണനയിലുണ്ട്. ഇന്നിവിടെ പറഞ്ഞ പ്രശ്നവും പ്രത്യേകമായി പരിഗണിക്കുന്നതാണ്.

IV സബ്മിഷൻ

(1) ജോലി നഷ്ടപ്പെട്ട ബീഡിത്തൊഴിലാളികളുടെ പുനരധിവാസം

ശ്രീ. എം. വി. ജയരാജൻ: സർ, കേരളത്തിലെ രാഷ്ട്രീയ സാമൂഹ്യ മണ്ഡലങ്ങളിൽ ഒരുകാലത്ത് നിറഞ്ഞുനിന്നിരുന്ന ബീഡിത്തൊഴിലാളികൾ ഇന്ന് പട്ടിണിയിലും ദുരിതത്തിലുമാണ്. ബീഡിത്തൊഴിലാളികളെ സംരക്ഷിക്കുക, തൊഴിൽ നഷ്ടപ്പെട്ട ബീഡിത്തൊഴിലാളികളുടെ പുനരധിവാസത്തിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക, വ്യാജ ബീഡി തടയാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുക, ദിനേശ് ബീഡി സ്ഥാപനത്തിന് സർക്കാർ വാഗ്ദാനം നൽകിയിട്ടുള്ള തുക നൽകുക, ഐ.ടി. ഉൾപ്പെടെയുള്ള വൈവിദ്ധ്യവൽക്കരണ പദ്ധതികളെ സഹായിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ബീഡിത്തൊഴിലാളികൾ സമരരംഗത്താണ്. ഇന്ന് അവർ നിയമസഭാ മാർച്ച് നടത്തുകയാണ്. ഭൂരിപക്ഷം തൊഴിലാളികളും സ്ത്രീകളാണ്. സ്ത്രീകൾക്ക് കിട്ടുന്ന വരുമാനമാണ് അവരുടെ കുടുംബത്തിലെ ഏക ആശ്രയമായി ഇന്നുള്ളത്. ഒരാഴ്ചയായി അവർക്ക് കിട്ടുന്നത് വെറും 350 രൂപയാണ്. ആഴ്ചയിൽ മൂന്നുദിവസം മാത്രമാണ് അവർക്ക് ജോലി കിട്ടുന്നത്. 45,000 തൊഴിലാളികളുണ്ടായിരുന്ന ദിനേശ് ബീഡിയിൽ ഇപ്പോൾ 17,000 തൊഴിലാളികൾ മാത്രമാണുള്ളത്. സാധുബീഡി കമ്പനിയിലാകട്ടെ 10,000 തൊഴിലാളികളിൽ നിന്നും ഇപ്പോൾ 1500 ആയി ചുരുങ്ങിയിരിക്കുകയാണ്. മറ്റു സ്ഥാപനങ്ങളുടെ സ്ഥിതിയും വ്യത്യസ്തമല്ല. സർക്കാർ നടപടികളുടെ ഫലമായിട്ടാണ് ബീഡി തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. കോടതിയാകട്ടെ നിരോധന നടപടികളും സ്വീകരിക്കുകയുണ്ടായി. വില്പനയും പരസ്യവും നിയന്ത്രിക്കുന്ന നടപടികൾ ഈ

LIBRARY ARCHIVES Kerala Legislative Assembly